# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 694:** **06/02/2013- ൽ മറുപടിക്ക്**

### പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരമുള്ള സംരംഭങ്ങൾ

**ചോദ്യം** **ഉത്തരം**

**ശ്രീ. കെ. ദാസൻ :**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം ചെറുകിട സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്കായി ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിന് കേന്ദ്രം എത്ര തുക അനുവദിച്ചിരുന്നു എന്നത് വ്യക്തമാക്കുമോ; | (എ) | പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം ചെറുകിട സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്കായി ഈ സാമ്പത്തിക വർഷം (2012-13) സംസ്ഥാനത്തിന് കേന്ദ്രം 32.65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് വിഭാവനം ചെയ്ത പദ്ധതികൾ ഏതെല്ലാം ; കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പദ്ധതികൾ നിലവിലുണ്ട് ; വിശദമായി വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നു.<br>1. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ<br>2. വനവിഭവ വ്യവസായങ്ങൾ<br>3. കടലാസ് നാരുൽപ്പന്ന വ്യവസായങ്ങൾ<br>4. ധാതു വ്യവസായങ്ങൾ<br>5. രാസ വ്യവസായങ്ങൾ<br>6. ഗ്രാമീണ എഞ്ചിനീയറിംഗ് - ജൈവ സാങ്കേതിക വ്യവസായങ്ങൾ<br>7. ടെക്സ്റ്റൈൽ സേവന വ്യവസായങ്ങൾ<br>കോഴിക്കോട് ജില്ലയിൽ ജില്ലാ വ്യവസായ കേന്ദ്രം മുഖേന 2012-13 സാമ്പത്തിക വർഷത്തിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി 163 അപേക്ഷകൾ ലഭിക്കുകയുണ്ടായി. കൂടിക്കാഴ്ചയിൽ 96 അപേക്ഷകൾ വിവിധ ബാങ്കുകളിലേക്ക് ധനസഹായത്തിനായി ശുപാർശ ചെയ്തു. 31/01/2013 വരെ 96 അപേക്ഷകളിൽ 46 പേർക്ക് ബാങ്ക് വായ്പ |

| | | | |
|---|---|---|---|
| | | . | അനുവദിക്കുകയും 24 പേർക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 62 ലക്ഷം രൂപയുടെ മാർജിൻ മണിയുള്ള 34 അപേക്ഷകൾ വിവിധ ബാങ്കുകളുടെ പരിഗണനയിലാണ്. |
| (സി) | കേന്ദ്ര ഫണ്ട് ലഭിച്ചതനുസരിച്ച് സംസ്ഥാനത്താകെ വിവിധ സംരംഭങ്ങൾക്കായി എത്ര സംരംഭക അപേക്ഷകൾ കൈപ്പറ്റി ; എത്ര രൂപ പദ്ധതി ചെലവ് വരുന്നതാണ് പ്രസ്തുത സംരംഭങ്ങൾ; വിശദമായി വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തൊട്ടാകെ വിവിധ സംരംഭങ്ങൾക്കുള്ളതായി 2012-13 ൽ 3 ഏജൻസികൾ മുഖേന (ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, ജില്ലാ വ്യവസായ കേന്ദ്രം) 4665 അപേക്ഷകൾ കൈപ്പറ്റിയിട്ടുണ്ട്. ഒരു ലക്ഷം മുതൽ 25 ലക്ഷം വരെ പദ്ധതി ചെലവു വരുന്നതാണ് പ്രസ്തുത സംരംഭങ്ങൾ. |
| (ഡി) | പ്രസ്തുത സംരംഭങ്ങളിൽ എത്രയെണ്ണം ബാങ്കുകളിലേക്ക് സർക്കാർ ശുപാർശ ചെയ്തു ; ശുപാർശ ചെയ്ത പദ്ധതികൾ എത്ര കോടി രൂപയുടേതാണ് ; ശുപാർശ ചെയ്തതിൽ എത്ര കോടി രൂപയുടെ പദ്ധതികൾ ബാങ്കുകൾ അംഗീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ഡി) | 2012-13 വർഷം 31/01/13 വരെ 6048.70 ലക്ഷം രൂപയുടെ 2452 അപേക്ഷകൾ ബാങ്കുകളിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. ഇതിൽ 1451.29 ലക്ഷം രൂപയുടെ 943 പദ്ധതികൾ ബാങ്കുകൾ അംഗീകരിച്ചിട്ടുണ്ട്. |
| (ഇ) | പദ്ധതികൾ അംഗീകരിക്കാത്തതു മൂലം കേന്ദ്ര ഫണ്ടിൽ എത്ര കോടി രൂപയാണ് നഷ്ടമാകുന്നത്/ നഷ്ടമാകാൻ സാധ്യത എന്ന് വ്യക്തമാക്കുമോ? | (ഇ) | ഈ വർഷം ഇതിനകം ശുപാർശ ചെയ്തിട്ടുള്ള പദ്ധതികൾ അംഗീകരിക്കുന്നതിനു വേണ്ടി ബാങ്കുകൾക്ക് സംസ്ഥാനതല ബാങ്ക് സമിതി മുഖേന നിർദ്ദേശം കൊടുത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**